2024
APRIL
19
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ






## ഇറാനിൽ വ്യോമാക്രമണം നടത്തി ഇസ്രയേൽ

**ടെഹ്റാൻ:** ഇറാനിൽ വ്യോമാക്രമണം നടത്തി ഇസ്രയേൽ. ഇറാൻ നഗരമായ ഇസ്ഫഹാനിലെ ഷഹിദ് സലാമി എയർബേസിലായിരുന്നു ആക്രമണം. ഇസഫഹാൻ പ്രവിശ്യയിലെ സൈനികത്താവളത്തിനു സമീപമായി നിരവധി സ്ഫോടന ശബ്ദങ്ങൾ കേട്ടതായി ഇറാൻ മാധ്യമമായ ഫാർസ് റിപ്പോർട്ട് ചെയ്തു.

സൈനിക നടപടിയുമായി ഇസ്രയേൽ മുന്നോട്ടുപോവുകയാണെങ്കിൽ !തിരിച്ചടിക്കുമെന്ന ഇറാൻ വിദേശകാര്യമന്ത്രി ഹുസൈൻ ആമിർ അബ്ദുല്ലാഹിയൻ പ്രസ്താവന നടത്തിയതിനു പിന്നാലെയാണ് ആക്രമണം. ഇറാന്റെ നിരവധി ആണവ കേന്ദ്രങ്ങൾ ഇസ്ഫഹാൻ പ്രവിശ്യയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവ സുരക്ഷിതമാണെന്ന് ഇറാൻ മാധ്യമമായ തസ്നീം റിപ്പോർട്ട് ചെയ്തു.

ഇറാനിൽ ഇസ്രയേൽ ആക്രമണം നടത്തിയ വാർത്തയോട് ഇസ്രയേൽ സൈന്യം പ്രതികരിച്ചില്ല. ഇതേക്കുറിച്ചുള്ള ചോദ്യത്തിന് "ഇപ്പോൾ ഒന്നും പറയാനില്ലെ"ന്നായിരുന്നു ഇസ്രയേലിന്റെ മറുപടി. ആണവ കേന്ദ്രമായിരുന്നില്ല ഇസ്രയേലിന്റെ ലക്ഷ്യമെന്നും റിപ്പോർട്ടുണ്ട്.

ഇറാൻ നഗരങ്ങളായ ടെഹ്റാൻ, ഇസ്ഫഹാൻ, ഷിറാസ് എന്നിവിടങ്ങളിലേക്കുള്ള വ്യോമഗതാഗതം ആക്രമണത്തെ തുടർന്ന് നിർത്തിവച്ചു.

## ലോക്സഭയിലേക്കുള്ള ആദ്യഘട്ട വോട്ടെടുപ്പ് ആരംഭിച്ചു

**21 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 സീറ്റുകളിലേക്കുള്ള വോട്ടെടുപ്പാണ് നടക്കുന്നത്**

**ന്യൂഡൽഹി:** ഏഴു ഘട്ടങ്ങളിലായി നടക്കുന്ന പതിനെട്ടാം ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആദ്യഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. 21 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 സീറ്റുകളിലേക്കുള്ള വോട്ടെടുപ്പാണ് നടക്കുന്നത്.

തമിഴ്നാട്ടിലെ എല്ലാ മണ്ഡലങ്ങളിലും ലക്ഷദ്വീപ്, പുതുച്ചേരി, ആൻഡമാൻ നിക്കോബാർ ദ്വീപിലെ മണ്ഡലങ്ങളിലും ഇന്ന് വോട്ടെടുപ്പ് പുരോഗമിക്കുന്നത്.

അരുണാചൽപ്രദേശ് 2, ആസാം 5 , ബിഹാർ 4, ഛത്തീസ്ഗഡ് 1, ലക്ഷദ്വീപ് 1, മധ്യപ്രദേശ് 6, മഹാരാഷ്ട്ര5, മേഘാലയ 2, മിസോറം 1, നാഗാലാൻഡ് 1, പുതുച്ചേരി 1, രാജസ്ഥാൻ 12, സിക്കിം1 , തമിഴ്നാട് 39, ത്രിപുര1, ഉത്തർപ്രദേശ്5, പശ്ചിമബംഗാൾ 3 എന്നീ മണ്ഡലങ്ങളിലാണ് ഇന്നു വോട്ടെടുപ്പ് പുരോഗമിക്കുന്നത്.



ഛത്തീസ്ഗഡിലെ മാവോയിസ്റ്റ് ശക്തികേന്ദ്ര മണ്ഡലമായ ബസ്തറിൽ ഇന്നു നടക്കുന്ന വോട്ടെടുപ്പിനായി കനത്ത സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.വോട്ടെടുപ്പ് ബഹിഷ്കരിക്കാൻ മാവോയിസ്റ്റുകൾ ആഹ്വാനം നൽകിയിട്ടുള്ള സാഹചര്യത്തിൽ പോളിംഗ് കുറഞ്ഞേക്കുമെന്ന ആശങ്ക അധികൃതർക്കുണ്ട്. കഴിഞ്ഞ 16നുണ്ടായ ഏറ്റുമുട്ടലിൽ 29 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സാഹചര്യവും അധികൃതർ ഗൗരവമായി കാണുന്നു.

പതിനായിരത്തോളം സുരക്ഷാഭടന്മാരെയാണ് മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി വിന്യസിച്ചിരിക്കുന്നത്.

## വിമാന യാത്രയ്ക്ക് ചെലവേറും

**കൊച്ചി:** രാജ്യത്തെ വ്യോമയാന മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ച് വിമാന ടിക്കറ്റുകളുടെ നിരക്കുകൾ മുകളിലേക്ക് നീങ്ങുന്നു. അവധിക്കാല വിനോദസഞ്ചാര രംഗത്തെ ഉണർവും പൊതുതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള ഡിമാൻഡും പൂർത്തീകരിക്കാൻ ആവശ്യമായ വിമാനങ്ങളില്ലാത്തതും വിസ്താരയിലെ സമരവുമാണ് സ്ഥിതിഗതികൾ വഷളാക്കുന്നത്.



പൈലറ്റുമാരുടെ ക്ഷാമത്തെത്തുടർന്ന് പ്രമുഖ എയർലൈനായ വിസ്താര നിരവധി സർവീസുകൾ റദ്ദാക്കിയിരുന്നു. ഇതോടെ വിമാന ടിക്കറ്റ് നിരക്കുകളിൽ 30 ശതമാനം വരെ വർധനയാണുണ്ടായത്. ഇതിനിടെ സാങ്കേതിക പ്രശ്നങ്ങൾ കാരണം സർവീസുകളുടെ എണ്ണം കൂട്ടാനും വലിയ വിമാനങ്ങൾ ഉപയോഗിക്കാനും മുൻനിര വിമാന കമ്പനികൾക്ക് കഴിയുന്നില്ലെന്ന് വ്യോമയാന രംഗത്തുള്ളവർ പറയുന്നു. പൈലറ്റുമാരുടെ സമരം കണക്കിലെടുത്ത് കഴിഞ്ഞ ദിവസങ്ങളിൽ പ്രതിദിനം 30 സർവീസുകൾ വരെയാണ് വിസ്താര റദ്ദാക്കിയത്.

ഗോ ഫസ്റ്റിൻറെ പാപ്പർ ഹർജിയും ഇൻഡിഗോയുടെ നിരവധി വിമാനങ്ങൾ എൻജിൻ തകരാർ കാരണം ഗ്രൗണ്ട് ചെയ്തതും വ്യോമയാന മേഖലയിൽ വലിയ സമ്മർദമാണ് സൃഷ്ടിക്കുന്നത്. കഴിഞ്ഞ ആഴ്ചകളിൽ ന്യൂഡൽഹിയിൽ നിന്ന് ബംഗളൂരു, കൊച്ചി, ഗോവ, ജമ്മു തുടങ്ങിയ മേഖലകളിലേക്കുള്ള ടിക്കറ്റ് നിരക്കുകളിൽ 30 ശതമാനം വർധന ദൃശ്യമായി. യാത്രക്കാരുടെ വർധനയ്ക്കും വിമാനങ്ങളുടെ കുറവിനുമൊപ്പം രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിൽ വില കുതിച്ചുയരുന്നതും വ്യോമയാന മേഖലയ്ക്ക് കടുത്ത പരീക്ഷണമാണ് സൃഷ്ടിക്കുന്നത്. അതേസമയം ഇപ്പോഴത്തെ ടിക്കറ്റ് നിരക്കിലെ കുതിപ്പ് താത്കാലിക പ്രതിഭാസമാണെന്ന് ട്രാവൽ ഏജൻസികൾ പറയുന്നു. ഇൻഡിഗോയും എയർ ഇന്ത്യയും പൂർണമായും സർവീസുകൾ പുനരാരംഭിക്കുന്നതോടെ നിരക്കുകൾ സാധാരണ നിലയിലാകുമെന്ന് അവർ കൂട്ടിച്ചേർത്തു.

രാജ്യത്തെ വ്യോമയാന മേഖലയുടെ 70 ശതമാനം വിപണി വിഹിതവും ഈ രണ്ട് കമ്പനികളുടെ കൈവശമാണ്. സാമ്പത്തിക പ്രതിസന്ധി സ്പൈസ് ജെറ്റിൻറെയും ജീവനക്കാരുടെ നിസഹകരണം വിസ്താരയുടെയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.



# പാവക്കുളത്ത് ശ്രീരാമനവമി ആഘോഷം നടത്തി



വിശ്വഹിന്ദു പരിഷത്ത് കൊച്ചി മഹാനഗരത്തിന്റെ ആഭിമുഖ്യത്തിൽ കലൂർ പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ സംഘടിപ്പിച്ച ശ്രീരാമനവമി ആഘോഷത്തിന്റെ ഭാഗമായി അയോധ്യയിൽ നിന്നുള്ള അഭിഷേക തീർത്ഥത്തിന്റെയും, ചിന്മയ മിഷനിൽ നിന്നുള്ള ഭഗവത് ഗീതയുടെയും വിതരണം ചിന്മയ മിഷൻ യുവകേന്ദ്ര ബ്രഹ്മചാരി സുധീർ ചൈതന്യ നിർവ്വഹിക്കുന്നു. വിഎച്ച്പി ജില്ലാ പ്രസിഡന്റ് വി ശ്രീകുമാർ സമീപം

**കൊച്ചി:** വിശ്വഹിന്ദു പരിഷത്ത് കൊച്ചി മഹാനഗരത്തിന്റെ ആഭിമുഖ്യത്തിൽ കലൂർ പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ സംഘടിപ്പിച്ച ശ്രീരാമനവമി ആഘോഷത്തിന്റെ ഭാഗമായി പ്രഭാഷണവും അയോധ്യയിൽ നിന്നും കൊണ്ടുവന്ന അഭിഷേക വിതരണവും നടത്തി. ശ്രീരാമനും രാഷ്ട്ര ധർമവും എന്ന വിഷയത്തിൽ ചിന്മയ മിഷൻ യുവകേന്ദ്ര ബ്രഹ്മചാരി സുധീർ ചൈതന്യ പ്രഭാഷണം നടത്തി.

അയോധ്യയിൽ നിന്നുള്ള അഭിഷേക തീർത്ഥത്തിന്റെയും, ചിന്മയ മിഷനിൽ നിന്നുള്ള ഭഗവത് ഗീതയുടെയും വിതരണ ഉദ്ഘാടനം ഇൻഡസ്ട്രിയൽ ജഡ്ജ് എം ജി പ്രജിത്തിന് നൽകിക്കൊണ്ട് ബ്രഹ്മചാരി സുധീർ ചൈതന്യ ചടങ്ങിൽ നിർവ്വഹിച്ചു.

യുപിഎസ്‌സി പരീക്ഷയിൽ 831ാം റാങ്ക് നേടിയ അക്ഷയ കെ പവിത്രനെ ചടങ്ങിൽ ആദരിച്ചു.വിഎച്ച്പി സംസ്ഥന വൈസ് പ്രസിഡന്റ് പ്രസന്ന ബാഹുലേയൻ, എറണാകുളം ജില്ലാ പ്രസിഡന്റ് വി ശ്രീകുമാർ, ജില്ലാ സെക്രട്ടറി പി കെ ജയേഷ്, ജില്ലാ വൈസ് പ്രസിഡന്റ് ഡോ.. സിന്ധു രവി തുടങ്ങിയവർ സംസാരിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറിമാരായ സി നന്ദകുമാർ, പ്രശാന്ത് വർമ്മ, ബജ്റംഗ്ദൾ ജില്ലാ സംയോജകൻ മനു അശോക് തുടങ്ങിയവർ പങ്കെടുത്തു.




# 42 സ്ക്വയർ ഏറ്റെടുത്ത് വേവ്ട്രോണികസ്

**കൊച്ചി:** കൊച്ചിയിലെ ഇൻഫോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ സോഫ്റ്റ്‌വെയർ കൺസൾട്ടിംഗ് സ്ഥാപനമായ 42 സ്ക്വയർ അമേരിക്കയിലെ യൂട്ടാ ആസ്ഥാനമായുള്ള ഇന്റലിജന്റ് ട്രാഫിക് സൊല്യൂഷൻസ് കമ്പനി വേവ്ട്രോണിക്സ് ഏറ്റെടുത്തു.

ഏപ്രിൽ ഒന്നു മുതൽ പുതിയ സംരംഭം പ്രാബല്യത്തിൽ വന്നതായി 42 സ്ക്വയറിന്റെ സഹസ്ഥാപകനായ എം പി വിൻസെന്റ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.റഡാർ ട്രാഫിക് ഡിറ്റക്ഷൻ സൊല്യൂഷനുകൾക്ക് ആഗോള തലത്തിൽ മുൻനിരക്കാരാണ് വേവ്ട്രോണിക്സ്. ആഗോളതലത്തിൽ ട്രാഫിക് സംവിധാനങ്ങൾ സുരക്ഷിതവും കാര്യക്ഷമവുമാക്കുന്ന വേവ്ട്രോണിക്സ് ട്രാഫിക് ഉൽപ്പന്നങ്ങൾ എല്ലാ അമേരിക്കൻ സ്റ്റേറ്റുകളിലും ഘടിപ്പിച്ചിട്ടുണ്ട്.

ഇതിന് പുറമെ യു.കെ, ഫ്രാൻസ്, റഷ്യ, കസാക്കിസ്ഥാൻ, തുർക്കി, ഈജിപ്ത്, തായ്‌വാൻ തുടങ്ങിയ രാജ്യങ്ങളിൽ വലിയ ട്രാഫിക് പ്രോജക്ടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. വെബ്, മൊബൈൽ, എംബഡഡ് കൺട്രോൾ സൊല്യൂഷനുകൾ, എംബഡഡ് സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ എന്നിവയിൽ 42 സ്ക്വയറിനുള്ള സങ്കേതിക വൈദഗ്ദ്ധ്യവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്തുകയാണ് പുതിയ സംരംഭത്തിന്റെ പ്രധാന ലക്ഷ്യമെന്ന് വാർത്താ സമ്മേളനത്തിൽ പങ്കെടുത്ത വേവ്ട്രോണിക്സ് സ്ഥാപകനായ ഡേവിഡ് ആർനോൾഡ് പറഞ്ഞു.

ട്രാഫിക് സൊല്യൂഷൻസ് മേഖലയിൽ പുതിയ ഉപകരണങ്ങൾ സൃഷ്ടിക്കുന്നതിനും, മറ്റു മേഖലകളിലേക്ക് കാൽവെപ്പുകൾ നടത്തുന്നതിനും ഈ ഏറ്റെടുക്കൽ നിർണ്ണായകമാവുമെന്നും ഡേവിഡ് ആർനോൾഡ് പറഞ്ഞു.പുതിയ ഗവേഷണങ്ങൾക്കായി 42 സ്ക്വയറിന് ഇന്നൊവേഷൻ ആൻഡ് റിസർച്ച് ലാബ് സജ്ജീകരിക്കാൻ വേണ്ട സഹായങ്ങൾ വേവ്ട്രോണിക്സ് നൽകും.


സബ്സിഡിയറിയുടെ വികസനവും നൂതന ഉൽപന്ന നിർമ്മാണവും ലക്ഷ്യമിട്ട് അടുത്ത അഞ്ച് വർഷം വേവ്ട്രോണിക്സ് വിപണിയിൽ ഗണ്യമായ നിക്ഷേപം നടത്തും, ഈ നീക്കം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇന്ത്യൻ ഇലക്ട്രോണിക് ഉൽപ്പാദന മേഖലയ്ക്ക് ക്രിയാത്മകമായി സംഭാവന നൽകുന്നതിനും സഹായകമാവുമെന്ന് ഡേവിഡ് ആർനോൾഡ് പറഞ്ഞു42 സ്ക്വയർ സഹസ്ഥാപകരായ ജിജോ ജോയ്, സുഹൈർ ഹസ്സൻ, റിജോ ജോർജ്ജ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ഐഎസ്എൽ: കേരള ബ്ലാസ്റ്റേഴ്സ്-ഒഡീഷ എഫ്സി മൽസരം ഇന്ന് ; ആരാധകർക്കായി ഫാൻ പാർക്ക് ഒരുക്കി കേരളാ ബ്ലാസ്റ്റേഴ്സ

കൊച്ചി: ആരാധകർക്ക് ഐ.എസ്.എൽ നോക്ഔട്ട് മത്സരം ലൈവ് സ്ക്രീനിങ്ങ് ചെയ്യാൻ ഒരുങ്ങി കേരളാ ബ്ലാസ്റ്റേഴ്സ്. ഇന്ത്യൻ സൂപ്പർ ലീഗിന്റെ (ഐ.എസ്.എൽ) ഒഡീഷ എഫ് സി കേരള ബ്ലാസ്റ്റേഴ്സ് എഫ് സി നോക്ഔട്ട് മത്സരമാണ് ഇന്ന് ജയന്റ് സ്ക്രീനിൽ പ്രദർശിപ്പിക്കുക.

കലൂർ ജവഹർലാൽ നെഹ്രു സ്റ്റേഡിയത്തിന് മുൻവശത്ത് ഉള്ള പാർക്കിംഗ് ഗ്രൗണ്ടിൽ ഒരുക്കുന്ന ഫാൻ പാർക്കിലേക്ക് ആരാധർക്ക് പ്രവേശനം സൗജന്യമായിരിക്കും, 5 മണിക്ക് തുടങ്ങുന്ന ഫാൻ പാർക്കിൽ ലൈവ് സ്ക്രീനിങ്ങിന് മുന്നോടിയായി വിവിധതരം വിനോദ പരിപാടികളും സംഘടിപ്പിക്കും. പതിനായിരത്തോളം ആരാധകർ ഒഡീഷ എഫ് സി കേരള ബ്ലാസ്റ്റേഴ്സ് എഫ് സി നോക്ഔട്ട് മത്സരത്തിന്റെ ഫാൻ പാർക്ക് ലൈവ് സ്ക്രീനിങ്ങ് കാണാൻ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഐ.എസ്.എൽ ചരിത്രത്തിൽ മറ്റൊരു ടീമിനും അവകാശപ്പെടാൻ ഇല്ലാത്ത, ഏറ്റവും മികച്ച ആരാധക കൂട്ടായ്മയാണ് കേരളാ ബ്ലാസ്റ്റേഴ്സിന് ഉള്ളത്. കേരളാ ബ്ലാസ്റ്റേഴ്സ് എന്ന ടീമിന്റെയും മഞ്ഞപ്പട എന്ന ആരാധകക്കൂട്ടായ്മയുടെയും പേര് ഇന്ത്യൻ ഫുട്ബോൾ പ്രേമികൾക്കിടയിൽ മാത്രമല്ല ലോകത്തെമ്പാടുമുള്ള ഫുട്ബോളിനെ സ്നേഹിക്കുന്നവർക്കിടയിലും സുപരിചിതമാണ്.ഇവാൻ വുക്കോമനോവിച്ചിന്റെ കീഴിൽ തുർച്ചയായ മൂന്നാം തവണയാണ് കേരള ബ്ലാസ്റ്റേഴ്സ് പ്ലേ ഓഫിൽ പ്രവേശിക്കുന്നത്. വെള്ളിയാഴ്ച നടക്കുന്ന നോക്ഔട്ട് മത്സരത്തിൽ ഒഡീഷ എഫ്സിയോട് ജയിച്ചാൽ സെമിഫൈനലിൽ മോഹൻ ബഗാനുമായി ബ്ലാസ്റ്റേഴ്സ് കൊമ്പുകോർക്കും.

# വാട്ടർ മെട്രോ 21 മുതൽ ഫോർട്ട് കൊച്ചിയിലേക്ക്



**കൊച്ചി:** പൊതുജനങ്ങളും വിനോദസഞ്ചാരികളും ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഫോർട്ട് കൊച്ചിയിലേക്ക് കൊച്ചി വാട്ടർ മെട്രോ ഏപ്രിൽ 21ന് സർവ്വീസ് ആരംഭിക്കും. ടെർമിനലിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി. കൊച്ചിൻ ഷിപ്പ് യാർഡ് പതിനാലാമത് ബോട്ട് കഴിഞ്ഞ ദിവസം കൈമാറിയിരുന്നു. ഈ ബോട്ടിന്റെയും ടിക്കറ്റിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെയും ട്രയൽ റൺ പൂർത്തിയായതോടെയാണ് ഫോർട്ട് കൊച്ചി ടെർമിനലിൽ നിന്ന് 21 ന് സർവ്വീസ് ആരംഭിക്കുന്നത്. ഹൈക്കോർട്ട് ജംഗ്ഷൻ ടെർമിനലിൽ നിന്ന് ഫോർട്ട് കൊച്ചിയിലേക്ക് 40 രൂപയാണ് ടിക്കറ്റ് നിരക്ക്. 20 മുതൽ 30 മിനിറ്റ് ഇടവേളകളിൽ ഹൈക്കോർട്ട് ജംഗ്ഷൻ ഫോർട്ട് കൊച്ചി റൂട്ടിൽ സർവ്വീസ് നടത്തുവാനാണ് തീരുമാനം. അവധിക്കാലമാഘോഷിക്കാനൊത്തുന്ന വിനോദസഞ്ചാരികൾക്ക് ഫോർട്ട് കൊച്ചിയിലേക്ക് ഗതാഗതക്കുരുക്കിൽപ്പെടാതെ എത്തിച്ചേരാൻ വാട്ടർ മെട്രോ സർവ്വീസ് സഹായകരമാകുമെന്നാണ് പ്രതീക്ഷ.

# കള്ളക്കടത്ത് തടയാൻ പ്രതിരോധ കോട്ടകെട്ടി കൊച്ചി കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണറേറ്റ്

## 2023,24 സാമ്പത്തിക വർഷം പിടികൂടിയത് 287.76 കോടിയുടെ സ്വർണ്ണം

**കൊച്ചി:** കേരളത്തിലെ വിവിധ വിമാനത്താവളങ്ങൾ തുറമുഖങ്ങൾ എന്നിവ വഴിയുള്ള കള്ളക്കടത്ത് തടയാൻ ശക്തമായ പ്രതിരോധ നടപടികളുമായി കൊച്ചി കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണറേറ്റ്. 20232024 സാമ്പത്തിക വർഷത്തിൽ അനധികൃതമായി കടത്തിക്കൊണ്ടുവന്ന 287.76 കോടി രൂപയുടെ 485.57 കിലോ സ്വർണം കൊച്ചി കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണറേറ്റിന്റെ നേതൃത്വത്തിൽ പിടികൂടി. കൂടാതെ വിവിധ ബ്രാന്റുകളിലുള്ള 3.63 കോടിയുടെ വിദേശ സിഗരറ്റുകളും യു എസ് ഡോളറുകൾ,സൗദി,ബഹറിൻ,ഒമാനി റിയാലുകളും യുഎഇ ദിർഹവും ഉൾപ്പെടെ 2.56 കോടിയുടെ വിദേശ കറൻസികളും 1.26 കോടി രൂപ വിലമതിക്കുന്ന 56 ഐഫോണുകളും, 52.6 ലക്ഷം രൂപ വിലമതിക്കുന്ന 40 കിലോ കുങ്കുമപ്പൂവും

ഡിആർ ഐ ഉദ്യോഗസ്ഥരുടെ കൂടെ സഹായത്താൽ പിടിച്ചെടുത്തു. സ്വർണ്ണം കടത്താനുള്ള ശ്രമമാണ് ഏറ്റവും അധികം നടന്നിരിക്കുന്നത്. പേസ്റ്റ്, പൊടി എന്നിവയാക്കിയാണ് കൂടുതലും സ്വർണം കടത്താൻ ശ്രമിച്ചത്. വാച്ച്, ഗ്രൈന്റർ, ഡ്രിമ്മർ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ കൂടാതെ ശരീരത്തിലും വസ്ത്രം, ഷൂസ് എന്നിവയിലുൾപ്പെടെ ഒളിപ്പിച്ചും സ്വർണ്ണം കടത്താൻ ശ്രമിച്ചു. ഫെമ നിയമം , കസ്റ്റംസ് ആക്ട് ഉൾപ്പെടെയുള്ളവ ലംഘിച്ചാണ് 2.56 കോടിയുടെ വിദേശ കറൻസികൾ കേരളത്തിലെ വിവിധ വിമാനത്താവളങ്ങൾ വഴി കടത്താൻ ശ്രമിച്ചത്. യുഎസ് ഡോളർ, സൗദി, ബഹ്റൈൻ, കുവൈറ്റ്, ഒമാനി റിയാൽ, യുഎഇ ദിർഹം എന്നിവയാണ് പിടിച്ചെടുത്ത വിദേശ കറൻസികൾ. കൂടാതെ അനധികൃതമായി കടത്തിക്കൊണ്ടുവന്ന 56 ഐ ഫോണുകളും അതിന്റെ ആക്സസറികളായ ഇയർപോഡുകളും പിടിച്ചെടുത്തു. ഇവയ്ക്കെല്ലാം കൂടി ഏകദേശം. 1.26 കോടി രൂപയോളമാണ് വിലവരുന്നത്. ഇവ കൂടാതെ 52.6 ലക്ഷം രൂപ വിലമതിക്കുന്ന 40 കിലോ കുങ്കുമപ്പൂവും കടത്താൻ ശ്രമിക്കുന്നതിനിടയിൽ 20232024 സാമ്പത്തിക വർഷത്തിൽ ഡിആർ ഐ ഉദ്യോഗസ്ഥർക്കൊപ്പം കസ്റ്റംസ് പ്രിവന്റീവ് ഓഫീസർമാർ പിടിച്ചെടുത്തു. തൃശൂർ കസ്റ്റംസ് പ്രിവന്റീവ് ഡിവിഷൻ ഉദ്യോഗസ്ഥർ സംസ്ഥാന എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തിയ സംയുക്ത ഓപ്പറേഷനിൽ 4.7 കിലോ കഞ്ചാവും പിടികൂടി. കള്ളക്കടത്ത് സംബന്ധിച്ച് രഹസ്യ വിവരം നൽകിയവർക്ക് 20232024 സാമ്പത്തിക വർഷത്തിൽ 107 കോടി രൂപയാണ് സമ്മാനമായി വിതരണം ചെയ്തത്. കേരളവും, ലക്ഷദ്വീപും കൂടാതെ മാഹിയും കൊച്ചി കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണറേറ്റിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്നു. കണ്ണൂർ, കോഴിക്കോട്, തൃശൂർ, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് കസ്റ്റംസ് പ്രിവന്റീവ് ഡിവിഷനുകൾ നിലവിലുള്ളത്. രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷയ്ക്ക് വെല്ലുവിളിയാകുന്ന കള്ളക്കടത്തുകൾ തടയാൻ തുടർന്നും ശക്തമായ നടപടികളുമായി മുന്നോട്ടു പോകുമെന്ന് കൊച്ചി കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ കെ പത്മാവതി പറഞ്ഞു.






കസ്റ്റംസ് പിടിച്ചെടുത്ത തൊണ്ടിമുതലുകൾ




# സൈലന്റ് ഹീറോസ് 2024 : അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള (ഇമാക്) ഇമാക് ഫെസ്റ്റൂൺ സൈലന്റ് ഹീറോസ് അവാർഡ് 2024 അവാർഡുകൾ വിതരണം ചെയ്തു.മുൻ ഡിജിപിയും കൊച്ചി മെട്രോ മാനേജിങ് ഡയറക്ടറുമായ ലോക്നാഥ് ബെഹ്റ ഉദ്ഘാടനം ചെയ്തു. പുത്തൻ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനും വ്യത്യസ്തമായ സമീപനങ്ങൾക്കും പേരുകെട്ടവരാണ് കേരളത്തിലെ ഇവന്റ് മാനേജ്മെന്റ് കമ്പനികൾ എന്ന് ലോകനാഥ് ബെഹ്റ പറഞ്ഞു. ഏറ്റെടുക്കുന്ന എല്ലാ പരിപാടികളിലും മുൻപെങ്ങും കണ്ടിട്ടില്ലാത്ത രീതികളിലൂടെ അവർ വേറിട്ടുനിൽക്കാറുണ്ട്. വിർചൽ റിയാലിറ്റി പോലെയുള്ള പുതിയ സാങ്കേതികവിദ്യകൾ ഏറ്റെടുത്തുകൊണ്ട് ഇവന്റ് മാനേജ്മെന്റ് രംഗം അതിവേഗം വളരുകയാണ്. വേഗമേറിയ ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ അസാമാന്യമികവ് വേണമെന്നും അദ്ദേഹം കുട്ടിച്ചേർത്തു.നല്ല പരിപാടികളിലൂടെ അറിവുനേടുന്ന ഒരു സമൂഹത്തെയാണ് നമുക്ക് ആവശ്യമെന്ന് മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിങ് കമ്പനിയുടെ ഡിജിറ്റൽ ബിസിനസ് വിഭാഗം ഡയറക്ടറും എം.വി. ശ്രേയാംസ് കുമാറിന്റെ മകളുമായ മയൂര ശ്രേയാംസ് കുമാർ പറഞ്ഞു.

കേരളത്തിനകത്തും പുറത്തും ശ്രദ്ധേയമായ സാംസ്കാരിക സാഹിത്യോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനായി നടത്തിയ ശ്രമങ്ങൾക്ക് മുൻ എം.പിയും മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി മാനേജിംഗ് ഡയറക്ടറുമായ എം.വി ശ്രേയാംസ് കുമാറിനുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് മയൂര ശ്രേയാംസ്കുമാർ ഏറ്റുവാങ്ങി.ഇവന്റ് ഡെക്കോർ ആൻഡ് പ്രൊഡക്ഷൻ, ടെക്നിക്കൽ സപ്പോർട്ട് & സൊല്യൂഷൻസ്, എന്റർടൈൻമെന്റ് ഡിസൈൻ, വെന്യു ആൻഡ്കാറ്ററിംഗ് സൊല്യൂഷൻസ്, പേഴ്സണലൈസ്ഡ് സൊല്യൂഷൻസ് എന്നിങ്ങനെ ലഭിച്ച 350 എട്രികളിൽ നിന്ന് 5 തലങ്ങളിലായി 60 വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന സ്വർണം, വെള്ളി, വെങ്കല മെഡലുകൾ അവാർഡ് ജേതാക്കൾക്ക്സമ്മാനിച്ചു.രാജ്യത്തുടനീളമുള്ള വ്യവസായവിദഗ്ധരുടെ 14 അംഗ ജൂറിയാണ് അവാർഡുകൾ വിലയിരുത്തിയത്.

ഇവന്റുകളിലെയും അനുബന്ധ വ്യവസായങ്ങളിലെയും പ്രൊഫഷണലുകൾക്ക് ഒരു മികച്ച നെറ്റ്വർക്കിംഗ് അവസരമാണ് ഇവന്റ് വാഗ്ദാനം ചെയ്യുന്നത്. പരിപാടിയിൽ ബി2ബി എക്സ്പോ, വിജ്ഞാന സെഷനുകൾ, മുഖ്യപ്രഭാഷണങ്ങൾ, പാനൽ ചർച്ചകളും സംഘടിപ്പിച്ചു. പരുപാടിയുടെ ഭാഗമായി നടന്ന നോളജ് സെഷൻ കെ ജെ മാക്സി എംഎൽഎ ഉദ്ഘാടനം ചെയ്തു.സംഗീതജ്ഞൻ സിദ്ധാർത്ഥ് മേനോന്റെ കെകെ ലൈവ് ഫോർ എവർ ബാൻഡിന്റെ കലാപരിപാടികളും അവതരിപ്പിച്ചു.

# ജാവ യെസ്ഡി രണ്ടാം ഘട്ട മെഗാ സർവീസ് ക്യാമ്പ് പ്രഖ്യാപിച്ചു

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർ സൈക്കിൾസിൻറെ മെഗാ സർവീസ് ക്യാമ്പുകളുടെ രണ്ടാം ഘട്ടം പ്രഖ്യാപിച്ചു. 2024 ഏപ്രിൽ 19ന് ആരംഭിക്കുന്ന ക്യാമ്പ് ജൂൺ അവസാനം വരെ തുടരും. മാർച്ചിൽ അവസാനിച്ച ആദ്യഘട്ട സർവീസ് ക്യാമ്പിൽ ഇന്ത്യയിലെ 36 ഡീലർഷിപ്പുകളിലായി 6250ലധികം ജാവ മോട്ടോർസൈക്കിളുകൾ സർവീസ് ചെയ്തിരുന്നു. കേരളത്തിലെ കൊല്ലം ഉൾപ്പെടെ 32 രണ്ടാം നിര, മൂന്നാം നിര നഗരങ്ങളിലാണ് രണ്ടാം ഘട്ട മെഗാ സർവീസ് ക്യാമ്പ് സംഘടിപ്പിക്കുക.

ഒന്നാംഘട്ടത്തിന് സമാനമായി 20192020 കാലയളവിലെ ജാവ മോട്ടോർസൈക്കിളുകളുടെ ഉടമകൾക്കാണ് രണ്ടാംഘട്ടത്തിൽ സർവീസ് ലഭ്യമാവുക. സമഗ്രമായ വാഹന പരിശോധനക്ക് പുറമേ ഉപഭോക്താക്കൾക്ക് തിരഞ്ഞെടുത്ത പാർട്സുകൾ സൗജന്യമായി മാറ്റിസ്ഥാപിക്കാനുള്ള അവസരവും ക്യാമ്പിലൂടെ ലഭിക്കും. മോട്ടൂൾ, അമരോൺ, സിയറ്റ് ടയേഴ്സ് എന്നിവയുമായി സഹകരിച്ച് ഉപഭോക്താക്കൾക്ക് മികച്ച സേവന നിലവാരം നൽകാനും ജാവ ലക്ഷ്യമിടുന്നു. വാഹന പരിശോധനക്ക് അനുസൃതമായി സൗജന്യ എക്സ്റ്റൻഡ് വാറൻറിയും നൽകും.ഇന്ത്യയിലെ ഒരു ഓട്ടോമോട്ടീവ് ബ്രാൻഡിൻറെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണിതെന്നും ഉപഭോക്തൃ സംതൃപ്തിക്കും ഉടമസ്ഥാവകാശ അനുഭവം ഉയർത്താനും ലക്ഷ്യമിട്ടാണ് ഈ മെഗാ സർവീസ് ക്യാമ്പ്. ജൂൺ അവസാനത്തോടെ 10,000 മോട്ടോർസൈക്കിളുകൾക്ക് സർവീസ് ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ജാവ യെസ്ഡി മോട്ടോർ സൈക്കിൾസ് സിഇഒ ആശിഷ് സിങ് ജോഷി പറഞ്ഞു.





# ദുബായ് ഫുഡ് ഫെസ്റ്റിവൽ ആരംഭിച്ചു



**ദുബായ്:** ഏപ്രിൽ 19 മുതൽ മെയ് 12 വരെ 23 ദിവസം നീണ്ടുനിൽക്കുന്ന പതിനൊന്നാമത് ദുബായ് ഫുഡ് ഫെസ്റ്റിവലിനു തുടക്കമായി. ഡിഎഫ്എഫ് 2024, നഗരത്തിലുടനീളം പാചക അനുഭവങ്ങൾ, പ്രത്യേക മെനുകൾ, ഇവന്റുകൾ എന്നിവയും അതിലേറെയും ഉള്ള നഗരത്തിന്റെ ഡൈനാമിക് ഡൈനിംഗ് രംഗത്തിന്റെ മനോഹരമായ ഷോകേസ് വാഗ്ദാനം ചെയ്യുന്നു.

ദുബായിലെ ഫെസ്റ്റിവൽസ് ആൻഡ് റീട്ടെയിൽ എസ്റ്റാബ്ലിഷ്മെന്റ് (ഡിഎഫ്ആർഇ) സംഘടിപ്പിക്കുന്ന ഈ വർഷത്തെ ഡിഎഫ്എഫ്, ദുബായ് റെസ്റ്റോറന്റ് വീക്ക്, ഫുഡി എക്സ്പീരിയൻസ്, ഇ & ബീച്ച് കാന്റീൻ, 10 ദിർഹം ഡിഷ് എന്നിവയും പുതിയ ഷെഫിന്റെ മെനുവും ഗൗൾട്ട് ആൻഡ് മില്ലൗ പാചക നവീകരണ പരിപാടികളും അവതരിപ്പിക്കും. ഭക്ഷണപ്രേമികൾക്ക് ഔട്ട്ഡോർ ഫുഡി മാർക്കറ്റുകൾ, പോപ്പ്അപ്പ് റെസ്റ്റോറന്റുകൾ, സംഗീത ഇവന്റുകൾ, ആകർഷകമായ പാചക അനുഭവങ്ങൾ എന്നിവയും ആസ്വദിക്കാം."ദുബൈ ഫുഡ് ഫെസ്റ്റിവലിന്റെ പതിനൊന്നാമത് എഡിഷൻ ദുബായിലെ ഗ്യാസ്ട്രോണമി രംഗത്തെ ഏറ്റവും മികച്ച ഓഫറുകൾ മിതമായ നിരക്കിൽ അവതരിപ്പിക്കും, അതേസമയം നഗരത്തിലെ മികച്ച പാചക പ്രതിഭകളെ ശ്രദ്ധയിൽപ്പെടുത്തും. ഓരോ വർഷം കഴിയുന്തോറും, ഒരു ആഗോള ഗ്യാസ്ട്രോണമിക് ഡെസ്റ്റിനേഷൻ എന്ന നിലയിൽ ദുബായിയുടെ സ്ഥാനം ഞങ്ങൾ ശക്തിപ്പെടുത്തുന്നത് തുടരുന്നു, രുചി മുകുളങ്ങളെ ആകർഷിക്കുകയും ലോകമെമ്പാടും പ്രശംസ നേടുകയും ചെയ്യുന്നുവെന്ന് ദുബായ് ഫെസ്റ്റിവൽസ് ആൻഡ് റീട്ടെയിൽ എസ്റ്റാബ്ലിഷ്മെന്റ് (ഡിഎഫ്ആർഇ) സിഇഒ അഹമ്മദ് അൽ ഖാജ പറഞ്ഞു.

ഫൈൻ ഡൈനിംഗ് മുതൽ ഹിഡൻ ജെംസ് വരെ, എമിറാത്തി സങ്കൽപ്പങ്ങൾ മുതൽ അന്താരാഷ്ട്ര മിഷെലിൻസ്റ്റാർ ചെയ്ത റെസ്റ്റോറന്റുകൾ വരെ, ഡിഎഫ്എഫ് 2024 ൽ എല്ലാവർക്കുമായി എന്തെങ്കിലും ഉണ്ട്. നഗരത്തിന്റെ പാചക രംഗം രൂപപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്ന ഷെഫുകൾ, ട്രെയിൽബ്ലേസർമാർ, രുചി നിർമ്മാതാക്കൾ എന്നിവരുടെ സംഭാവനകളെയും ഫെസ്റ്റിവൽ അംഗീകരിക്കും. ദുബായ് റെസ്റ്റോറന്റ് വീക്കിൽ ദുബായിലെ ഏറ്റവും ജനപ്രിയമായ 60ലധികം റെസ്റ്റോറന്റുകളിൽ നിന്നുള്ള പ്രത്യേകം ക്യൂറേറ്റ് ചെയ്ത സെറ്റ് മെനുകൾ പ്രത്യേക വിലയിൽ അവതരിപ്പിക്കും. ഡിഎഫ്എഫ് കലണ്ടറിലെ മറ്റൊരു പ്രിയങ്കരമായ ഫുഡി എക്സ്പീരിയൻസ്, ദുബായിലെ മികച്ച ഫുഡ് ഇന്നൊവേറ്റർമാരെയും പാചകക്കാരെയും ഉൾപ്പെടുത്തി നഗരത്തിന്റെ വിവിധ സ്ഥലങ്ങളിൽ ശ്രദ്ധാപൂർവം ക്യൂറേറ്റ് ചെയ്ത വൈവിധ്യമാർന്ന പാചക അനുഭവങ്ങളുടെ ശേഖരം വാഗ്ദാനം ചെയ്യും. പ്രത്യേകമായി ക്യൂറേറ്റ് ചെയ്ത ഫെസ്റ്റിവൽ പ്രോഗ്രാമിന് പുറമേ, ദുബായിലുടനീളമുള്ള റെസ്റ്റോറന്റുകൾ അവരുടെ പ്രത്യേക മെനുകൾ, വിഭവങ്ങൾ, അതുല്യമായ അനുഭവങ്ങൾ, പ്രമോഷനുകൾ എന്നിവയുമായി പാചക ആഘോഷത്തിൽ ചേരും.



# സുസുക്കി മോട്ടോർ സൈക്കിൾ ഇന്ത്യ തിരുവനന്തപുരത്ത് പുതിയ ഡീലർഷിപ്പ് ആരംഭിച്ചു

**തിരുവനന്തപുരം:** കേരളത്തിൽ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ജപ്പാൻ സുസുക്കി മോട്ടോർ കോർപറേഷന്റെ ടൂവീലർ ഉപവിഭാഗമായ സുസുക്കി മോട്ടോർ സൈക്കിൾ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (എസ്എംഐപിഎൽ) തിരുവനന്തപുരത്ത് പുതിയ ഡീലർഷിപ്പ് ആരംഭിച്ചു.മണ്ണന്തല ഭാരത് പെട്രോളിയം പമ്പിന് സമീപം സ്റ്റെപ് ജംഗ്ഷനിൽ ശാരദാ കോംപ്ലക്സിൽ ആരംഭിച്ചിരിക്കുന്ന ഇൻഡസ് സുസുക്കി നഗരത്തിലെ ഉപയോക്താക്കൾക്ക് സവിശേഷ അനുഭവമാണ് നൽകുന്നത്. വൈവിധ്യമാർന്ന വില്പന ആവശ്യകതകൾ പരിഗണിച്ചും വിൽപ്പനാനന്തര സേവനം ഉയർന്ന നിലവാരത്തിൽ നൽകുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തിയുമാണ് ഡീലർഷിപ്പ് സജ്ജീകരിച്ചിരിക്കുന്നത്.




# മനേസറിൽ ഹോണ്ട ഇന്ത്യയുടെ പുതിയ സികെഡി എഞ്ചിൻ അസംബ്ലി

**കൊച്ചി:** രാജ്യത്തെ മുൻനിര ഇരുചക്രവാഹന നിർമാതാക്കളായ ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഹരിയാന മനേസറിലെ ഗ്ലോബൽ റിസോഴ്സ് ഫാക്ടറിയിൽ പുതിയ അത്യാധുനിക സികെഡി (കംപ്ലീറ്റ് നോക്ക്ഡ് ഡൗൺ) അസംബ്ലി ലൈൻ ഉദ്ഘാടനം ചെയ്തു. സികെഡി കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ലക്ഷ്യം. നവീകരണം, കാര്യക്ഷമത, ആഗോള മികവ് എന്നിവയിലുള്ള എച്ച്എംഎസ്ഐയുടെ പ്രതിബദ്ധതയിൽ സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തുന്ന പുതിയ അസംബ്ലി ലൈനിന് പ്രതിദിനം 600 എഞ്ചിനുകൾ നിർമിക്കാനുള്ള ശേഷിയുണ്ട്. 110സിസി മുതൽ 300സിസി വരെയുള്ള മോഡലുകൾക്കായി എഞ്ചിനുകൾ നിർമിക്കാനുള്ള സജ്ജീകരണവും പുതിയ അസംബ്ലി ലൈനിലുണ്ട്.ഹോണ്ടയുടെ രാജ്യത്തെ ആദ്യത്തെ ഇരുചക്രവാഹന നിർമാണ കേന്ദ്രമായ മനേസറിലെ ഗ്ലോബൽ റിസോഴ്സ് ഫാക്ടറി 2001ലാണ് സ്ഥാപിതമായത്. ജനപ്രിയ ആക്ടീവയുടെ നിർമാണവും ഈ ഫാക്ടറിയിൽ നിന്നായിരുന്നു. നിലവിൽ യൂറോപ്പ്, സെൻട്രൽ ആൻഡ് ലാറ്റിൻ അമേരിക്ക, മിഡിൽ ഈസ്റ്റ്, സൗത്ത് ഈസ്റ്റ് ഏഷ്യ, ജപ്പാൻ, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, സാർക്ക് രാജ്യങ്ങൾ എന്നിവയിൽ വ്യാപിച്ചുകിടക്കുന്ന 58 വിപണികളിലേക്ക് എച്ച്എംഎസ്ഐ ഇവിടെ നിന്ന് എഞ്ചിനുകൾ ഉൾപ്പെടെ കയറ്റുമതി ചെയ്യുന്നുണ്ട്.മനേസറിലെ ഞങ്ങളുടെ ഗ്ലോബൽ റിസോഴ്സ് ഫാക്ടറിയിൽ സികെഡി കയറ്റുമതിക്കായി പുതിയ എഞ്ചിൻ അസംബ്ലി ലൈൻ അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒട്ടാനി പറഞ്ഞു. ഈ ചുവടുവെപ്പിലൂടെ കയറ്റുമതി ശേഷി വർദ്ധിപ്പിക്കാനും, വിപണി വിപുലീകരണത്തിൽ പുതിയ ഉയരങ്ങളിലെത്താനും, ആഗോള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാനും എച്ച്എംഎസ്ഐ ലക്ഷ്യമിടുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വോട്ട് അസ് യൂ ആർ കാമ്പയിൻ;കന്നി വോട്ടർമാർക്ക് കിഴിവുമായി എയർ ഇന്ത്യ എക്സ്പ്രസ്




**കൊച്ചി:** ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ നാട്ടിലെത്തുന്ന കന്നി വോട്ടർമാർക്ക് 19 ശതമാനം കിഴിവിൽ ടിക്കറ്റൊരുക്കി എയർ ഇന്ത്യ എക്സ്പ്രസ്. 18നും 22നും ഇടയിൽ പ്രായമുള്ള വോട്ടർമാർക്ക് അവരുടെ നിയോജകമണ്ഡലത്തിന് ഏറ്റവും അടുത്തുള്ള എയർപോർട്ടിലേക്ക് എയർ ഇന്ത്യ എക്സ്പ്രസിൻറെ വെബ്സൈറ്റിലൂടെയോ മൊബൈൽ ആപ്പിലൂടെയോ ജൂൺ ഒന്ന് വരെ ഓഫർ നിരക്കിൽ ടിക്കറ്റ് ബുക്ക് ചെയ്യാം. എയർ ഇന്ത്യ എക്സ്പ്രസിൻറെ 19ാം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള ഈ ഓഫർ ആഭ്യന്തരഅന്താരാഷ്ട്ര സർവീസുകളിൽ ലഭ്യമാണ്. യുവാക്കളിലെ ജനാധിപത്യ ബോധത്തെ വളർത്താനും രാജ്യത്തിൻറെ ഭാവി രൂപപ്പെടുത്തുന്നതിൽ അവരെ പങ്കാളികളാക്കാനുമുള്ള തങ്ങളുടെ പ്രതിബന്ധതയുടെ ഭാഗമാണ് 19ാം വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന 'വോട്ട് അസ് യു ആർ' കാമ്പയിനെന്ന് എയർ ഇന്ത്യ എക്സ്പ്രസ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ ഡോ.അങ്കുർ ഗാർഗ് പറഞ്ഞു. ഈ സംരംഭത്തിലൂടെ കന്നി വോട്ടർമാരുടെ യാത്ര എളുപ്പമാക്കുന്നതിനൊപ്പം ജനാധിപത്യ പ്രക്രിയയിൽ ഭാഗമാകുന്നതിൽ അവരോടുള്ള നന്ദി പ്രകടിപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, ചെന്നൈ, ഡൽഹി, ബെംഗളൂരു, മുംബൈ, കൊൽക്കത്ത, മംഗലാപുരം, ഹൈദരാബാദ്, ഗോവ, തിരുച്ചിറപ്പള്ളി, മധുര, പൂനെ, സൂറത്ത്, വാരണാസി, വിജയവാഡ, വിശാഖപട്ടണം, അമൃത്സർ, അയോധ്യ, ബാഗ്ഡോഗ്ര, ഭുവനേശ്വർ, ഗുവാഹത്തി, ഗ്വാളിയോർ, ഇംഫാൽ, ഇൻഡോർ, ജയ്പൂർ, ലഖ്നൗ, റാഞ്ചി, ശ്രീനഗർ എന്നിങ്ങനെ 31 കേന്ദ്രങ്ങളിലേക്കാണ് എയർ ഇന്ത്യ എക്സ്പ്രസ് ഇന്ത്യയിൽ സർവീസ് നടത്തുന്നത്. ഗൾഫിലെ 13 നഗരങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് എയർ ഇന്ത്യ എക്സ്പ്രസ്സ് സർവീസ് നടത്തുന്നുണ്ട്.

എയർ ഇന്ത്യ എക്സ്പ്രസ് പുതുതായി അവതരിപ്പിച്ച ചെക്ക് ഇൻ ബാഗേജില്ലാത്ത യാത്രയ്ക്കുള്ള പ്രത്യേക നിരക്കായ എക്സ്പ്രസ് ലൈറ്റ്, 15 കിലോ ചെക്ക് ഇൻ ബാഗേജോടു കൂടിയ യാത്രയ്ക്കുള്ള നിരക്കായ എക്സ്പ്രസ് വാല്യൂ, എത്ര തവണ വേണമെങ്കിലും ചെയിഞ്ച് ഫീ ഇല്ലാതെ യാത്രയ്ക്ക് രണ്ട് മണിക്കൂർ മുമ്പ് വരെ വിമാനം മാറാൻ കഴിയുന്ന എക്സ്പ്രസ് ഫ്ലെക്സ്, ബിസിനസ് ക്ലാസ് സേവനങ്ങളും ഗൊർമേർ ഭക്ഷണവും മുൻഗണന സേവനങ്ങളും ലഭിക്കുന്ന എക്സ്പ്രസ് ബിസ് എന്നീ നാല് നിരക്കുകളിലും കന്നി വോട്ടർമാർക്കുള്ള ഈ ഓഫർ ലഭിക്കും.



ഹരിതം

# വില 20,000 വരെ, കേരളത്തിലും സുലഭം

രാജ്യാന്തര വിപണിയിൽ കാപ്പിയുടെ ഡിമാൻഡ് വർദ്ധിക്കുകയാണ് ഒപ്പം വിലയും. കർഷകരെ സംബന്ധിച്ച് ഇത് സുവർണാവസരമാണ്. ഇന്ത്യയിലെ പ്രത്യേകിച്ച് ദക്ഷിണേന്ത്യയിലെ കർഷകരെ സംബന്ധിച്ച് നേട്ടം കൊയ്യാനുള്ള ഈ അവസരത്തിൽ രണ്ടാമതൊന്ന് ചിന്തിക്കേണ്ടതില്ല. കാലാവസ്ഥാമാറ്റം ആഗോള വിപണിയിലെ വമ്പൻമാരായ വിയറ്റ്നാമിലേയും ബ്രസീലിലേയും വിളവ് കുറച്ചിട്ടുണ്ടെന്ന അനുകൂല സാഹചര്യവും കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ കർഷകർക്ക് അനുഗ്രഹമായി മാറുന്നുണ്ട്.

202324 വർഷത്തിൽ കാപ്പി കയറ്റുമതിയിൽ 20 ശതമാനത്തിന്റെ കുറവാണ് വിയറ്റ്നാമിലുള്ളത്. ഇത് കാപ്പിക്ക് ക്ഷാമം അനുഭവപ്പെടുന്ന അവസ്ഥയിലേക്ക് എത്തിക്കും, അതാണ് കേരളമുൾപ്പെടെയുള്ള സ്ഥലങ്ങളിലെ കർഷകർക്ക് അനുകൂലമായ സാഹചര്യമൊരുക്കുന്നത്. ലോകത്തിൽ ഏറ്റവും കൂടുതൽ റോബസ്റ്റ കാപ്പിക്കുരു ഉൽപാദിപ്പിക്കുന്നത് വിയറ്റ്നാമാണ്. അതുകൊണ്ടുതന്നെ അവരുടെ ഉൽപാദനത്തിലെ കുറവ് വലിയ പ്രതിസന്ധി സൃഷ്ടിക്കും.ബ്രസീലിലെയും വിയറ്റ്നാമിലെയും കാപ്പി ഉൽപാദനത്തിലെ ഇടിവ് വിലക്കയറ്റത്തിനു കാരണമായി. ആഗോള കാപ്പിക്കുരു ഉൽപാദനത്തിലെ ഇടിവ് ദക്ഷിണേന്ത്യൻ കർഷകരെ കൃഷി വ്യാപിപ്പിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. കർണാടകയിൽ നിന്നുള്ള കാപ്പിക്ക് ആഗോള വിപണിയിൽ വലിയ മൂല്യമുണ്ട്. രാജ്യത്തെ മൊത്തം കാപ്പി ഉൽപാദനത്തിൽ 70 ശതമാനവും കൂർഗ്, ചിക്കമംഗലൂർ, ഹാസൻ മേഖലകളിലാണ് വിളയുന്നത്. കേരളവും തമിഴ്നാടും കാപ്പിക്കൃഷിയിൽനിന്നു വലിയ വരുമാനം കണ്ടെത്തുന്നുണ്ട്. രാജ്യത്തെ കാപ്പി ഉൽപാദനത്തിൽ 83 ശതമാനവും ദക്ഷിണേന്ത്യയുടെ സംഭാവനയാണ്.50007000 രൂപ വരെ ക്വിന്റലിന് വിലയുണ്ടായിരുന്നതാണ് ഇപ്പോൾ ആഗോള വിപണിയിലെ പ്രതിസന്ധി കാരണം 20,000 രൂപ വരെ എത്തി നിൽക്കുന്നത്. ഇത്രയും വിലക്കയറ്റം തങ്ങളുടെ വിളയ്ക്ക് കിട്ടുമെന്ന് കർഷകരും പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നില്ല. ഇന്ത്യൻ സംസ്ഥാനങ്ങളെ സംബന്ധിച്ച് പ്രത്യേകിച്ച് കേരളം ഉൾപ്പെടുന്ന ദക്ഷിണേന്ത്യൻ മേഖലയിലെ റോബസ്റ്റ കാപ്പിക്കുരു കർഷകർക്ക് ഇതിലും വലിയ അവസരം ലഭിക്കാനില്ല. കർഷകനെ കോടീശ്വരനാക്കുന്ന വിളയെന്ന വിശേഷണം അതുകൊണ്ട് തന്നെ ഒട്ടും അതിശയോക്തിയില്ലാത്തതുമാണ്.



## ആഞ്ഞിലിപഴവും ഓൺലൈനിലായി

അങ്ങനെ നമ്മുടെ ആഞ്ഞിലിപ്പഴവും ഓൺലൈനിലായി. മലയാളികൾക്കെന്നും നൊസ്റ്റാൾജിയ ഉണർത്തുന്ന പഴമാണിത്.

ഒരു കാലത്ത് സുലഭമായി വീട്ടുമുറ്റത്ത് ലഭിച്ചിരുന്ന പഴങ്ങൾ പുതുതലമുറയ്ക്ക് ഇന്ന് അന്യമാണ്. അവരെക്കൂടി ആഞ്ഞിലിപ്പഴത്തിന്റെ രുചികൂടി പരിചയപ്പെടുത്തുക എന്നതാണ് ഓൺലൈൻ വില്പനയുടെ ലക്ഷ്യം. നാവിൻ തുമ്പിൽ ഒരുകാലത്ത് മധുരത്തിന്റെ തേൻകനി ഒരുക്കിയ ആഞ്ഞിലിപ്പഴത്തെ പുതുതലമുറ ഏറ്റെടുത്തിരിക്കുകയാണ്. വൻ ഡിമാൻഡ്പഴവിപണിയിൽ വൻ ഡിമാൻഡായതോടെ ആഞ്ഞിലിച്ചക്ക അന്വേഷിച്ച് നാട്ടിൻ പുറങ്ങളിലേയ്ക്കും ആളെത്തിത്തുടങ്ങി. പഴങ്ങളുടെ കൂട്ടത്തിൽ ചക്ക കഴിഞ്ഞാൽ ആഞ്ഞിലിച്ചക്കയാണ് ഇപ്പോൾ താരം. സൂപ്പർമാർക്കറ്റു?കളിലും ആഞ്ഞിലിച്ചക്കകൾ വില്പനയ്ക്കെത്തി. കാക്കകൊത്തി താഴെയിട്ടും ആർക്കുംവേണ്ടാതെ തറയിൽവീണും ചീഞ്ഞുപോയിരുന്ന ആഞ്ഞിലിച്ചക്ക ഇപ്പോൾ എന്തുവിലകൊടുത്തായാലും വാങ്ങാൻ ആളുണ്ട്. ഒരുകാലത്ത് പഞ്ഞമാസങ്ങളിൽ മലയാളിയുടെ പ്രധാനപ്പെട്ടൊരു പോഷകാഹാരം ആയിരുന്നു അയിനിചക്ക, ആനിക്ക, ഐനിചക്ക തുടങ്ങി പലപേരുകളിൽ അറിയപ്പെടുന്ന ആഞ്ഞിലിച്ചക്ക. വിളഞ്ഞ ആഞ്ഞിലിച്ചക്കയുടെ പുറംതൊലി ചെത്തിക്കളഞ്ഞ് ചെറുകഷണങ്ങളാക്കി അരിഞ്ഞ് തയ്യാറാക്കുന്ന പുഴുക്കിന്റെ രുചി ഒന്ന് വേറെതന്നെയാണെന്ന് പഴമക്കാർ പറയുന്നു.

ഒരുകിലോയ്ക്ക് 150 250. കീടനാശിനി സാന്നിദ്ധ്യമില്ലാത്ത പഴവർഗമെന്ന നിലയിൽ പോഷക സമൃദ്ധമായ ആഞ്ഞിലിച്ചക്ക സുരക്ഷിതമായി കഴിക്കാം. നല്ല വലിപ്പവും മധുരവുമുള്ള ആഞ്ഞിലിച്ചക്ക കിലോഗ്രാമിന് 150 രൂപ മുതൽ 250 വരെയാണ് വില.മരത്തിൽനിന്ന് ചക്ക പറിച്ചെടുക്കുന്നതിനുള്ള വർദ്ധിച്ച കൂലിച്ചെലവാണ് വിലവർദ്ധനവിന് കാരണം.

എന്നാൽ വീടുകളിലെത്തി അന്യ സംസ്ഥാനക്കാരായ തൊഴിലാളികളുടെ സഹായത്തോടെ നിലത്തു വീഴാതെ പഴുക്കാറായ ചക്ക പറിച്ചെടുത്താണ് വില്പനയ്ക്ക് തയ്യാറാക്കുന്നത്.ഒരു മരത്തിലെ ചക്ക വിറ്റപ്പോൾ 500 രൂപ ലഭിച്ചു.



## സവാള കൃഷി എളുപ്പത്തിൽ ചെയ്യാം

സവാളയുടെ വില ഇടയ്ക്കിടയ്ക്ക് വിപണിയിൽ കുതിച്ചുയരുന്നതോടെ കേരളത്തിലും സവാള കൃഷി ചെയ്യാൻ തുടങ്ങിയിരിക്കുകയാണ് കർഷകർ. ചില കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഈ ഉത്തരേന്ത്യൻ വിളയെ നമുക്കും വീട്ടുപരിസരങ്ങളിൽ വളർത്താം.മഴക്കാലം ഒഴിവാക്കി കൃഷി ചെയ്യുന്നതാണ് നല്ലത്. നടുമ്പോൾ നല്ല തണുപ്പും കുറച്ച് വളർന്ന് കഴിയുമ്പോൾ ചൂടുമാണ് അനുയോജ്യമായ കാലാവസ്ഥ. വിത്ത് നടുമ്പോൾ ശ്രദ്ധിക്കേണ്ട ഒട്ടേറെ കാര്യങ്ങളുണ്ട്. ചെറിയ വിത്തുകൾ നടുന്നതായിരിക്കും നല്ലത്.

കൃഷിയിടം നന്നായി കിളച്ച് കട്ടയുടച്ച് പൊടിമണ്ണാക്കിയ തടങ്ങളിൽ ഒരു സെന്റിന് രണ്ടുകിലോഗ്രാം എന്ന തോതിൽ കുമ്മായം ചേർത്തിളക്കണം. ഒരാഴ്ചയ്ക്കു ശേഷം ചാണകപ്പൊടിയോ കോഴിക്കാഷ്ടമോ, മണ്ണിരകമ്പോസ്റ്റോ ചേർത്തിളക്കണം. മൂന്നടി വീതിയും പത്തടി നീളവും അരയടി ഉയരവുമുള്ള ചെറുതടങ്ങൾ എടുക്കണം. ഇതിൽ 20 സെ.മീ അകലത്തിൽ തൈകൾ നടാം. വിത്തുകൾ അടുത്തുള്ള നഴ്സറികളിൽ നിന്നും തുച്ഛമായ വിലയ്ക്ക് വാങ്ങാവുന്നതാണ്.

വിത്തുകൾ തവാരണകളിൽ പാകുന്നതാണ് ഉചിതം. ചെടികൾ തമ്മിൽ പത്ത് സെന്റീമീറ്റർ അകലം വേണം. വെള്ളം ആവശ്യമനുസരിച്ച് ഒഴിക്കണം. ആദ്യ ഘട്ടത്തിൽ നനയ്ക്കുന്നത് വളരെ നല്ലതാണ്. പത്ത് ദിവസം കൂടുമ്പോൾ ആദ്യ വളം ചെയ്യണം. രാസവളമോ, പുളിപ്പിച്ച് നേർപ്പിച്ച പിണ്ണാക്ക് ലായനിയോ മറ്റ് ജൈവ വളമോ ഉപയോഗിക്കാം.

പൂർണമായും സൂര്യപ്രകാശം കിട്ടുന്നയിടത്തുവേണം തൈകൾ നടാൻ. ടെറസിലും അടുക്കളമുറ്റങ്ങളിലും ഗ്രോബാഗിലും ചട്ടികളിലും സവാള നടാം. ബാഗിൽ വെള്ളം കെട്ടിക്കിടന്നാൽ വേഗം അഴുകി പോകും. അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തണം. നന കൂടിയാലും കുറഞ്ഞാലും പ്രശ്നമാണ്. നന കുറഞ്ഞാൽ ചെടി ഉണങ്ങിപ്പോകും. വേരുകൾ നേർത്തതായതിനാൽ വെള്ളം കൂടിയാൽ എളുപ്പത്തിൽ ചീയും. നട്ട് നാലുമാസമാകുമ്പോൾ വിളവെടുക്കാം.

# പെൽവിക് ആൻഡ് അസറ്റാബുലാർ സർജൻമാരുടെ ദേശീയ സമ്മേളനത്തിന് ഇന്ന് തുടക്കം

**കൊച്ചി:** ഇടുപ്പെല്ല്, തുടയെല്ല്, സോക്കറ്റ് എന്നിവയുടെ തകരാറുകളും, പൊട്ടലുകളും പരിഹരിക്കുന്ന അസ്ഥിരോഗ ശസ്ത്രക്രിയാ വിദഗ്ദ്ധരുടെ സംഘടനയായ അസോസിയേഷൻ ഓഫ് പെമൽവിക് ആൻഡ് അസറ്റാബുലാർ സർജൻസിന്റെ വാർഷിക സമ്മേളനം ഇന്നു മുതൽ 21 വരെ കൊച്ചി ലെ മെറിഡിയനിൽ നടക്കും.വിദഗ്ധർ നേതൃത്വം നൽകുന്ന ശിൽപശാലകൾ, ശാസ്ത്രീയ സെഷനുകൾ, പാനൽ ചർച്ചകൾ എന്നിവ ഉൾപ്പടെ, പെൽവിക്, അസറ്റാബുലാർ സർജറി മേഖലയിലെ ചർച്ചകൾക്കും പഠനത്തിനും നവീകരണത്തിനും സമ്മേളനം വേദിയൊരുക്കും.ഇന്ന് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നടക്കുന്ന ശിൽപശാലകളോടെ സമ്മേളനം ആരംഭിക്കും. സിന്തറ്റിക് അസ്ഥികളും, ശവശരീരങ്ങളും ഉപയോഗിച്ച് പെൽവിഅസെറ്റാബുലാർ സർജറിയിൽ പ്രതിനിധികൾക്ക് പരിശീലനം നൽകുന്നുണ്ട്.

ഈ മേഖലയിലെ നൂതന അറിവും, സാങ്കേതിക രീതികളും , ശസ്ത്രക്രിയാ സമീപനങ്ങളും ചർച്ച ചെയ്യുന്ന വേദിയായി സമ്മേളനം മാറുമെന്ന് ഓർഗന സിങ്ങ് കമ്മിറ്റി ചെയർമാൻ ഡോ. ജോസ് പാപ്പനാശേരി പറഞ്ഞു.രണ്ട് ദിവസങ്ങളിലായി രണ്ട് സമാന്തര ട്രാക്കുകളിലായാണ് ശാസ്ത്ര സെഷനുകൾ. നടക്കുക. ശസ്ത്രക്രിയാ നടപടിക്രമങ്ങൾ, പെൽവിക് പരിക്കുകൾക്കുള്ള പരിഹാരങ്ങൾ, സമീപനങ്ങൾ, സങ്കീർണ്ണമായ പെൽവിക് പരിക്കുകൾ, ഇടുപ്പ് സ്ഥാനഭ്രംശം, അസറ്റാബുലാർ ഒടിവുകൾ, അസറ്റാബുലാർ ഫിക്സേഷൻ, പെൽവിക് ഒടിവുകളുടെ ഘട്ടം ഘട്ടമായുള്ള പുനർനിർമ്മാണം തുടങ്ങിയ നിർണായക വിഷയങ്ങൾ വിദഗ്ദ്ധർ അവതരിപ്പിക്കും.

ഓസ്ട്രേലിയ, സൗദി അറേബ്യ, നേപ്പാൾ, ബംഗ്ലാദേശ് എന്നിവയും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 250ലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. ദക്ഷിണാഫ്രിക്കയിൽ നിന്നുള്ള പ്രൊഫ. സിതോംബോ, എത്യോപ്യയിൽ നിന്നുള്ള ഡോ. സാമുവൽ ഹൈലു, ധാക്കയിൽ നിന്നുള്ള പ്രൊഫ. മുഹമ്മദ് ഇസ്ലാം, തായ്‌ലൻഡിൽ നിന്നുള്ള ഡോ. റാഹത്ത്, യുഎസ്എയിൽ നിന്നുള്ള ഡോ. തക്കർ, മൊഹാലിയിൽ നിന്നുള്ള ഡോ. രമേഷ് സെൻ തുടങ്ങിയ വിദഗ്ധർ ചർച്ചകൾക്ക് നേതൃത്വം നൽകും.

# കൊച്ചിയിൽ റോഡ് സുരക്ഷാ ബോധവത്കരണ കാമ്പയിനുമായി ഹോണ്ട

**കൊച്ചി:** ഇന്ത്യയിൽ സുരക്ഷിത റൈഡിങ് സംസ്കാരം വളർത്തിയെടുക്കാനുള്ള പ്രതിബദ്ധതയുടെ ഭാഗമായി ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ), കൊച്ചിയിലെ വിവിധ ഇടങ്ങളിൽ ദേശീയ റോഡ് സുരക്ഷാ ബോധവൽക്കരണ കാമ്പയിൻ സംഘടിപ്പിച്ചു.

നഗരത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് സുരക്ഷിതമായ റൈഡിങ് രീതികളെ കുറിച്ച് ബോധവൽക്കരണ ക്യമ്പയിൻ സംഘടിപ്പിച്ചത്.റോഡ് സുരക്ഷാ ഗെയിമുകൾ, സേഫ് റോഡ് തിയറി സെഷൻ, സ്ലോ സൈക്കിൾ റൈഡിങ്, റോഡ് സൈനേജ്, റൈഡിങ് പോസ്ചർ പരിശീലനം തുടങ്ങി എച്ച്എംഎസ്ഐയുടെ വിവിധ റോഡ് സുരക്ഷാ പഠന പരിപാടികൾ ഉപയോഗിച്ചായിരുന്നു ക്യാമ്പയിൻ. കമ്പനിയുടെ റോഡ് സുരക്ഷാ പരിശീലകർ നേതൃത്വം നൽകി. ഇതുവരെ കേരളത്തിൽ 4 ലക്ഷം മുതിർന്നവർക്കും കുട്ടികൾക്കും റോഡ് സുരക്ഷ വിദ്യാഭ്യാസം നൽകിയതായി എച്ച്എംഎസ്ഐ അറിയിച്ചു.

ഉത്തരവാദിത്തമുള്ള റോഡ് ഉപയോഗം പ്രോത്സാഹിപ്പിക്കാനും, സുരക്ഷിതമായ റൈഡിങ് ശീലങ്ങൾ വളർത്തിയെടുക്കാനും ലക്ഷ്യമിട്ടാണ് എച്ച്എംഎസ്ഐ രാജ്യവ്യാപകമായി ഇത്തരത്തിലുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നത്.ആഗോളതലത്തിൽ, റോഡ് സുരക്ഷക്ക് ഹോണ്ട വലിയ പ്രാധാന്യമാണ് നൽകുന്നത്. 2050ഓടെ ആഗോളതലത്തിൽ ഹോണ്ട മോട്ടോർ സൈക്കിളുകളും വാഹനങ്ങളും ഉൾപ്പെടുന്ന ട്രാഫിക് കൂട്ടിയിടി മരണങ്ങൾ പൂർണമായി ഒഴിവാക്കാനാണ് ശ്രമമെന്ന് 2021ൽ എച്ച്എംഎസ്ഐ പ്രഖ്യാപിച്ചിരുന്നു. 2030ഓടെ മരണനിരക്ക് പകുതിയായി കുറയ്ക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നിർദേശത്തിനും കാഴ്ചപ്പാടിനും അനുസൃതമായും എച്ച്എംഎസ്ഐ പ്രവർത്തിക്കുന്നു.

# ആമസോൺ പേ പേ കർനേ കാ സ്മാർട്ടർ വേയുമായി ആയുഷ്മാൻ ഖുറാന

**കൊച്ചി:** 'പേ കർനേ കാ സ്മാർട്ടർ വേ'യുമായി ആയുഷ്മാൻ ഖുറാന. മങ്ങിയ വെളിച്ചത്തിലും ക്യൂ ആർ കോഡ് സ്കാൻ ചെയ്യാനുള്ള ഓട്ടോ ഫ്ലാഷ്, ഏതു ആപ്പിലെ യു പി ഐ ഐഡിയിലേക്കും പണം അയയ്ക്കൽ, സത്വര പേമെൻറുകൾ, ആമസോൺ പേ ബാലൻസ് ഉപയോഗിക്കുമ്പോൾ ക്വിക്ക് റീഫണ്ട്, എല്ലാ ഉപഭോക്താക്കൾക്കും 24/7 കസ്റ്റമർ സപ്പോർട്ട് എന്നിങ്ങനെയുള്ള പുതിയ ഫീച്ചറുകൾക്ക് ഇതിൽ ഉൾപ്പെടുന്നു.ആമസോൺ പേയുടെ 'പേ കർനേ കാ സ്!മാർട്ടർ വേ' കാംപെയ്ൻ ഡിജിറ്റൽ പേയ്മെന്റ് അനുഭവം ലളിതമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധത അടിവരയിടുന്നുവെന്ന് ആമസോൺ പേ ഇന്ത്യയുടെ യൂസർ ഗ്രോത്ത് ഡയറക്ടറും സി എം ഒയുമായ അനുരാധ അഗർവാൾ പറഞ്ഞു. ദൈനംദിന ഇടപാടുകൾ കാര്യക്ഷമമാക്കി തികച്ചും മനഃസ്സമാധാനം ഉറപ്പാക്കിക്കൊണ്ട്, ആമസോൺ പേ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൻറെ പഴയ സങ്കൽപ്പത്തെ മാറ്റിമറിക്കുന്നുവെന്ന് ഈ ബന്ധത്തെക്കുറിച്ച് സംസാരിക്കവെ ആയുഷ്മാൻ ഖുറാന പറഞ്ഞു. വിവിധ യു പി ഐ പ്ലാറ്റ്ഫോമുകളിൽ പണം അനായാസം അയയ്ക്കാനും സ്വീകരിക്കാനും ഉപഭോക്താക്കളെ പ്രാപ്തരാക്കുകയും അതിന്റെ പൂർണ്ണ വ്യാപ്തിയെക്കുറിച്ച് അറിയിക്കുകയും ചെയ്യുക എന്നതിനാണ് ലക്ഷ്യമിടുന്നത്.






# നന്ദകുമാർ റാവു സ്മാരക പുരസ്കാരങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) മികച്ച സാങ്കേതിക ജീവനക്കാർക്കായി ഏർപ്പെടുത്തിയ പ്രഥമ നന്ദകുമാർ റാവു സ്മാരക പുരസ്കാരങ്ങൾ വിതരണം ചെയ്തു. വെരാവൽ റീജിയണൽ സ്റ്റേഷനിലെ അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ ഓഫീസർ ഡോ സുരേഷ് കുമാർ മൊജ്ജാദ, അതേ സ്റ്റേഷനിലെ ടെക്നിക്കൽ അസിസ്റ്റന്റ് എച്ച് എം ഭിന്ത് എന്നിവർക്കാണ് ഈ വർഷത്തെ പുരസ്കാരങ്ങൾ ലഭിച്ചത്. ദേശീയ ജൈവവൈവിധ്യ അതോറിറ്റി മുൻ ചെയർപേഴ്സൺ ഡോ ബി മീനാകുമാരി പുരസ്കാരങ്ങൾ വിതരണം ചെയ്തു.

സിഎംഎഫ്ആർഐയിലെ സീനിയർ ടെക്നിക്കൽ അസിസ്റ്റന്റായിരുന്ന നന്ദകുമാർ റാവുവിന്റെ സ്മരണക്കായി ഏർപ്പെടുത്തിയതാണ് അവാർഡ്.സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

ഡോ പി വിജയഗോപാൽ, ഡോ ഗ്രിൻസൻ ജോർജ്, ഡോ വി വി ആർ സുരേഷ്, ഹരീഷ് നായർ, കെ എസ്ശ്രീ കുമാരൻ എന്നിവർ പ്രസംഗിച്ചു.

# എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ രുഗ്മിണീ സ്വയം വരം ഇന്ന്

**കൊച്ചി:** എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ നടന്ന് വരുന്ന ശ്രീമദ് ഭാഗവത സപ്താഹയജ്ഞം അഞ്ചാം ദിവസമായ ഇന്ന് രുഗ്മിണീ സ്വയംവരം നടക്കും. ഉച്ചയ്ക്ക് 12 മണിക്ക് യജ്ഞശാലയിൽ ഉണ്ണിയൂട്ട്. 12.45 മുതൽ നാരായണീയ പാരായണം. വൈകിട്ട് അഞ്ചിന് രുഗ്മിണീ സ്വയംവര ഘോഷയാത്ര എറണാകുളം നോർത്ത് പരമാര ഭഗവതി ക്ഷേത്രത്തിൽ നിന്നാരംഭിച്ച് യജ്ഞശാലയിൽ എത്തിച്ചേരും. ആറിന് രുഗ്മിണീ സ്വയംവരം നടക്കും. ആറാം ദിവസമായ നാളെ ഉച്ചയ്ക്ക് പന്ത്രണ്ടിന് കുചേലോപാഖ്യാനം നടക്കുമെന്ന് എസ് എൻ ഡി സമാജം പ്രസിഡന്റ് സി.എം ശോഭനൻ, സെക്രട്ടറി പി.ഐ രാജീവ്, മാനേജർ ഇ. രാജീവൻ എന്നിവർ അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com